കേരളസർവകലാശാല

നം.പി.ആർ.177/2021

# പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാലയുടെ സെപ്റ്റംബർ 27 ന് നടത്തേണ്ടിയിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി. പരീക്ഷ സെപ്റ്റംബർ 28 ലേക്ക് മാറ്റിയിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ ബി.കോം. ഹിയറിംഗ് ഇമ്പയേർഡ് നാല്, ആറ് സെമസ്റ്ററുകളുടെ (2013 സ്കീം – റെഗുലർ ആന്റ് സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും സെപ്റ്റംബർ 16 വരെ ഓൺലൈനായി (2016 അഡ്മിഷൻ ഓഫ്ലൈനായി) അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല മാർച്ച് 2020 നടത്തിയ അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി / ബി.കോം എൽ.എൽ.ബി / ബി.ബി.എ എൽ.എൽ.ബി സ്പെഷ്യൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സ്പെഷ്യൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും സെപ്റ്റംബർ 19 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

കേരള സർവകലാശാല 2021 സെപ്റ്റംബർ 29 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എഡ്യൂക്കേഷൻ (ID) റെഗുലർ ആൻഡ് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 14 വരെയും 150 രൂപയുടെ സെപ്റ്റംബർ 17 വരെയും 400 രൂപ പിഴയോടുകൂടി സെപ്റ്റംബർ 22 വരെയും അപേക്ഷിക്കാം.

## വൈ വോസി

കേരളസർവകലാശാല കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (315) ഡിഗ്രി കോഴ്സിന്റെ മൂന്നാം സെമസ്റ്റർ വൈ വോസി പരീക്ഷകൾ 2021 സെപ്റ്റംബർ 17 മുതൽ ആരംഭിക്കുന്നതാണ് വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇന്റേണൽമാർക്ക് മെച്ചപ്പെടുത്താൻ അവസരം

കേരളസർവകലാശാലയുടെ നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടേയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2017 അഡ്മിഷൻ & 2016 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികളിൽ അപേക്ഷ മുമ്പ്

സമർപ്പിച്ചിട്ടില്ലാത്തവരും), കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2015 അഡ്മിഷൻ & 2014 അഡ്മിഷൻ വരെയുള്ള വിദ്യാർത്ഥികളിൽ അപേക്ഷ മുമ്പ് സമർപ്പിച്ചിട്ടാല്ലാത്തവരും) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവർക്കും ഇന്റേണൽ മാർക്ക് 10 ൽ കുറവുള്ളവർക്കും അപേക്ഷിക്കാവുന്നതാണ്. ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ.

ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടയ്ക്കേണ്ടതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (കെ.യു.എഫ്.) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാഫോം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2021 സെപ്റ്റംബർ 30 നോ അതിനുമുൻപോ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

തിരുവനന്തപുരം,
08.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**
**University information is available on 9188526670, 9188526671, 9188526674, 9188526675**